മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്

(സി) ഏതെങ്കിലും പുതിയ നാഷണൽ ലാബറട്ടറി സ്ഥാപിക്കുന്ന പ്രശ്നം തീരുമാനമെടുക്കുമ്പോഴും ഈ ഗവണ്മെൻറിന്റെ അഭ്യർത്ഥന കണക്കിലെടുക്കുന്നതാണെന്നും കേന്ദ്രഗവണ്മെൻറും അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. വിശ്വംഭരൻ: പുതുതായി നാഷണൽ ബയോളജിക്കൽ ലാബറട്ടറി സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ എന്നും, അതു കേരളത്തിനു കിട്ടാൻ സാദ്ധ്യതയുണ്ടോ എന്നും ഗവണ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതേപ്പറ്റി പ്രത്യേകം നിവേദനം നടത്തിയിട്ടുണ്ട്.

സ്ഥലം മാറ്റം ചെയ്യപ്പെട്ട അദ്ധ്യാപകന്റെ ശമ്പളം

* 901. [38] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നമംഗലം സബ് ഡിസ്ട്രിക്റ്റിൽ (കോഴിക്കോട്ട്) പെട്ട തിരുവമ്പാടി സെക്കൻഡ് ഹാർട്ട് യു.പി. സ്കൂളിൽ 12 കൊല്ലം സർവ്വീസുള്ള ഒരു ടീച്ചറെ അതേ സബ് ഡിസ്ട്രിക്റ്റിലുള്ള കക്കോടി എം. ഐ. എൽ. പി. സ്കൂളിലേയ്ക്കു് സ്ഥലം മാറ്റം ചെയ്തതു് ഡിപ്പാർട്ടുമെൻറിന്റെ അനുമതിയോടുകൂടി ആയിരുന്നോ ;

(ബി) എങ്കിൽ ഈ ട്രാൻസ്ഫറിനുശേഷം ഇതേവരെ ടീച്ചർക്കു് ശമ്പളം കൊടുക്കാതിരിക്കാൻ കാരണമെന്തു് ;

(സി) ഈ ടീച്ചറുടെ തടഞ്ഞുവച്ച ശമ്പളം ഉടനടി കൊടുക്കാനുള്ള നടപടികളെടുക്കാൻ ദയവുണ്ടാകുമോ ;

(ഡി) 95% ഹാജർ വേണമെന്ന നിബന്ധന കഴിഞ്ഞകൊല്ലം സ്ഥിരപ്പെടുത്തിയ സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം ഒഴിവാക്കിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഡിപ്പാർട്ടുമെൻറിന്റെ അനുമതിയോടുകൂടിയായിരുന്നു.

(ബി, സി) 1962-63-ലെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് കക്കോടി എം. ഐ. എൽ. പി. സ്കൂളിൽ ആറു് അദ്ധ്യാപകരുടെ തസ്തികകൾ അനുവദിച്ചിരുന്നു. 1963-64-ൽ പുതിയ pupil Teacher ratio അനുസരിച്ച് അഞ്ചു് തസ്തികകളേ അനുവദിച്ചിട്ടുള്ളൂ. 14-8-63-ൽ വിദ്യാഭ്യാസ ഡയറക്ടർക്കു് എഴുതി. 2-39442/63 കൽപ്പനയിൽ 62-63 സ്കൂൾ വർഷാവസാനം ജോലി നോക്കിയ കാഷ്വൽ ഫൈഡ് അദ്ധ്യാപകരെ പുതിയ pupil Teacher ratio അനുസരിച്ച് പിരിച്ചു വിടരുതെന്നും പറഞ്ഞിട്ടുണ്ട്. നേരത്തെതന്നെ ഈ സ്കൂളിൽ അഞ്ചു് കാഷ്വൽഫൈഡ് അദ്ധ്യാപകന്മാർ ഉണ്ടായിരുന്നതുകൊണ്ടും, തസ്തികകളില്ലാത്തതുകൊണ്ടും 63-64 സ്കൂൾ വർഷത്തിൽമാത്രം ട്രാൻസ്ഫർ നൽകിയ ഈ അദ്ധ്യാപികയുടെ ട്രാൻസ്ഫറിനുശേഷമുള്ള ശമ്പളത്തിന്റെ കാര്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

ശ്രീ. പി. സി. രാഘവൻനായർ : 4 കൊല്ലം തുടർച്ചയായി രണ്ട് സ്റ്റാഫുവീതം അനുവദിച്ചിരുന്ന ഒരു ക്ലാസ്സിൽ ഈ കൊല്ലം 52 സ്റ്റുഡന്റ്സ് ഉണ്ടായിട്ടും 95 ശതമാനം ഹാജരുണ്ടെങ്കിൽ മാത്രമേ സ്റ്റാഫ് അനുവദിക്കുകയുള്ള എന്നുള്ള വ്യവസ്ഥ ശരിയാണോ; കഴിഞ്ഞ കൊല്ലത്തെ സ്റ്റാഫ് ഫിക്സേഷന്റെ അടിസ്ഥാനത്തിലുള്ള ടീച്ചേഴ്സിനു് അവിടെ സാംഗ്ഷൻ കൊടുക്കേണ്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : കഴിഞ്ഞകൊല്ലത്തെ സ്റ്റാഫ് ഫിക്സേഷന്റെ അടിസ്ഥാനത്തിൽ കാളിഫൈഡ് ടീച്ചേഴ്സ് അവിടെ പ്രവൃത്തി എടുത്തിരുന്നവെങ്കിൽ അവരെ എടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം കൊടുക്കുന്നുണ്ട്. ഇവിടെ പറയുന്നതു് 62-63–ൽ വേക്കൻസി ഉണ്ടായിരുന്നു; കാളിഫൈഡ് ടീച്ചേഴ്സ് 5 മാത്രമേ ഉണ്ടായിരുന്നുള്ളു എന്നാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഡി–യുടെ ഉത്തരത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്നു പറഞ്ഞു. എന്നാണു് നിർദ്ദേശം നൽകിയതു്; എന്തു നിർദ്ദേശമാണു് ; അതിന്റെ പ്രസക്തഭാഗം വായിക്കുമോ ; ഇല്ലെങ്കിൽ മേശപ്പുറത്തു വയ്ക്കുമോ ? 95 ശതമാനം ഹാജർ വേണമെന്ന നിബന്ധന കഴിഞ്ഞകൊല്ലം സ്ഥിരപ്പെടുത്തിയ സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നു പറഞ്ഞു. എന്നാണു് ഒഴിവാക്കി കൽപ്പന അയച്ചതു് ?

ശ്രീ. ആർ. ശങ്കർ : കൽപ്പനയുടെ കാപ്പി ഇപ്പോൾ കൈവശമില്ല. പക്ഷേ ഇങ്ങനെ ചെയ്തിട്ടുണ്ടെന്നു് എനിക്കറിയാം.

ശ്രീ. ഇ. പി. ഗോപാലൻ : കഴിഞ്ഞകൊല്ലമുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ ഫിക്സു് ചെയ്തിട്ടുള്ള പോസ്റ്റിനു് ഇക്കൊല്ലം അനുവദിക്കുന്ന 95 ശതമാനം ഹാജർ വേണമെന്ന വ്യവസ്ഥ ബാധകമല്ലെന്നു പറയുന്നു. കഴിഞ്ഞകൊല്ലം 4–ാം ക്ലാസിലാണു് ഡിവിഷൻ ഉണ്ടായിരുന്നതെങ്കിലും ഇക്കൊല്ലം സ്വഭാവികമായും 5–ാം ക്ലാസിൽ വരുമെന്നുള്ളതുകൊണ്ടു് കഴിഞ്ഞകൊല്ലത്തെ ഹാജരനുസരിച്ചു് പോസ്റ്റു് അംഗീകരിക്കുന്നു എന്നു് കടലാസിൽ എഴുതുകയല്ലാതെ അതു പ്രയോഗത്തിൽ വരുത്തുന്ന അവസരത്തിൽ ഇക്കൊല്ലവും 95 ശതമാനം ഹാജർവേണമെന്ന വ്യവസ്ഥയനുസരിച്ചാണു് സ്റ്റാഫ് ഫിക്സേഷൻ നടത്തിയതു എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയല്ല ഇതിന്റെ കാര്യങ്ങൾ.

ശ്രീ. ഇ. പി. ഗോപാലൻ : ഇവിടെ ബഹുമാനപ്പെട്ട മന്ത്രി എന്റെ ചോദ്യത്തിനുതന്നെ മറുപടി പറഞ്ഞുകൂട്ടത്തിൽ കഴിഞ്ഞകൊല്ലം അനുവദിച്ചിട്ടുള്ള പോസ്റ്റുകളൊന്നും വിട്ടുകളയുന്നില്ല, പുതുതായിട്ടുവരുന്ന പോസ്റ്റുകൾക്കു മാത്രമേ 95 ശതമാനം ഹാജർ ബാധകമാക്കിയിട്ടുള്ള എന്നു പറഞ്ഞു. അതിനെത്തുടർന്നുണ്ടായ ചില അറിവുകൾവച്ചാണു് ഞാൻ ചോദിക്കുന്നതു്. കഴിഞ്ഞകൊല്ലം ഒരു സ്കൂൾ നാലാം ക്ലാസായാലും, ശരി, അഞ്ചാം ക്ലാസായാലും ശരി, അനുവദിച്ച പോസ്റ്റുകളിൽ 95 ശതമാനം ഹാജർ വ്യവസ്ഥ വച്ചിരിക്കുന്നതിന്റെ ഫലമായിട്ടു് എടുത്തുകളയുന്നുണ്ടോ; അതോ കഴിഞ്ഞകൊല്ലം അനുവദിച്ചതു പോസ്റ്റുകളിൽ 95 ശതമാനം വ്യവസ്ഥ വയ്ക്കാതെ ഈ കൊല്ലം അനുവദിക്കുന്നുണ്ടോ എന്നാണു് ചോദ്യം ?

ശ്രീ. ആർ. ശങ്കർ : ഇതിൽ ഒരു കൺഫ്യൂഷൻ വരുന്നതിനു് പ്രധാനകാരണം ഞാൻ പറയാം. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു് കഴിഞ്ഞകൊല്ലം അനുവദിച്ചിട്ടുള്ള പോസ്റ്റുകളും എന്നു പറയുന്നതു് കഴിഞ്ഞ കൊല്ലം കാളിഫൈഡ് ടീച്ചേഴ്സിനു് അനുവദിച്ചിട്ടുള്ളതു മാത്രമാണു്. കഴിഞ്ഞകൊല്ലം കാളിഫൈഡ് ടീച്ചേഴ്സ് ഇല്ലാത്തപ്പോൾ അൺകാളിഫൈഡ് ടീച്ചേഴ്സിനെ വച്ചിരുന്ന പോസ്റ്റുകളും അനുവദിക്കപ്പെട്ട പോസ്റ്റുകളായി വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു് അംഗീകരിക്കുന്നില്ല. അതുകൊണ്ടാണു് പ്രയാസം വരുന്നതു്.

ശ്രീ. മൊഹസിൻബിൻ അഹമ്മദ് : 63–ലെ ഫിക്സേഷൻ റൂൾസ് പ്രകാരം കണക്കിലെടുത്തു ടീച്ചേഴ്സ് പോകേണ്ടതായിവരുന്ന എണ്ണമുള്ള കുറ്റ്യാടിയിൻറുകൾ കോഴിക്കോടു്, മലപ്പുറം ഡിസ്ട്രിക്റ്റുകളിൽനിന്നു് ഉണ്ടായിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു് അപ്പീൽ കൊടുക്കേണ്ടതു് ആർ. ഡി. ഡി. ക്കാണു്. അപ്പീൽ കൊടുത്തിട്ടു് യാതൊരു വ്യത്യാസവും വരാതെ ആളുകൾക്കു് ശമ്പളം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാതെ നിൽക്കുന്ന എന്ന വസ്തുത ഗവണ്മെൻറ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉടനെതന്നെ ഈ രീതിയിൽ അപ്പീൽ കൊടുത്തിട്ടുള്ള കേസുകളിലെങ്കിലും അന്വേഷണം നടത്തി അതിന്മേൽ ഉത്തരവുണ്ടാക്കാൻ ഗവണ്മെൻറ് നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആർ. ഡി. ഡി. യുടെ ആഫീസിൽ ഇങ്ങനെ കാലതാമസം വരുന്ന എങ്കിൽ അതിനെപ്പറ്റി അന്വേഷിക്കുകയും പരിഹാരം ഉണ്ടാക്കുകയും ചെയ്യാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു 95 ശതമാനം സ്റ്റെംഗ്തുള്ളതും കഴിഞ്ഞകൊല്ലത്തിൽ കാളിഫൈഡ് പോസ്റ്റ് സാംഗ്ഷൻ ചെയ്തിട്ടുള്ളതുമായ എല്ലാ തസ്തികകളും ഇക്കൊല്ലം അനുവദിച്ചിട്ടുണ്ടെന്ന്. കഴിഞ്ഞകൊല്ലം കാളിഫൈഡായിട്ടുള്ള ടീച്ചേഴ്സ് വർക്കുചെയ്തിട്ടുള്ള പോസ്റ്റും ഇക്കൊല്ലം കൂടുതൽ സ്റ്റെഗ്തുള്ള സ്ഥലങ്ങളിൽ നിയമത്തിന്റെ മറപിടിച്ചുകൊണ്ട് ചില പോസ്റ്റുകൾ കുറയ്ക്കാൻ പരിതഃസ്ഥിതിയുണ്ടെന്നോ വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ഉണ്ടായിട്ടുണ്ടെന്നോ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ വന്നിരിക്കാൻ ഇടയില്ലെന്നാണ് തോന്നുന്നത്. സ്പെസിഫിക്കായിട്ട് ഇങ്ങനെ വന്നിട്ടുണ്ടെന്നോ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നിശ്ചയമായും നടപടികളും എടുക്കാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: 95 ശതമാനം ഹാജർ വേണമെന്ന കൽപ്പന എപ്പോഴാണ് അയച്ചതെന്നു ചോദിച്ചിട്ട് കാപ്പി ഇല്ലെന്നു പറഞ്ഞു. എന്നാൽ ഈ അടുത്ത ഒരാഴ്ചയ്ക്കു മുമ്പുതന്നെയും എ. ഇ. ഒ. ഇൻസ്പെക്ഷനു വന്നപ്പോഴും 95 ശതമാനമെന്നു നിർബന്ധമായി എഴുതിവച്ചിട്ടുള്ള റിക്കാർഡുണ്ടെന്നു മനസ്സിലാക്കിയതുകൊണ്ട് സ്ഥിരപ്പെടുത്തിയ സ്ഥലത്തെങ്കിലും 95 ശതമാനമെന്നു നിർബന്ധിക്കാതിരിക്കാൻ ഒന്ന് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഒരു ബുദ്ധിമുട്ടുള്ളതു ഞാൻ വ്യക്തമായി പറയാം. അദ്ധ്യാപകർ സ്കൂളുകളിൽ സൂക്ഷിച്ചിട്ടുള്ള റോളുകളിൽ കാണുന്ന കുട്ടികളും എത്രയെന്നും യഥാർത്ഥത്തിൽ ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഉള്ളതെത്രയാണെന്നും നോക്കി ഈ റോൾ ശരിയാണോയെന്നു പരിശോധിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം ചില സ്ഥലങ്ങളിൽ ഉണ്ട്. അവിടെ ഏറെക്കുറെ 95 ശതമാനമെന്നു പറയും. അതേപ്പറ്റി പരാതിയുണ്ടായാൽ 95 ശതമാനം ഇല്ലെന്നു പറഞ്ഞാൽ വീണ്ടും ഇൻസ്പെക്ഷൻ നടത്താൻ ആവശ്യപ്പെടുന്നതാണ്.

ശ്രീ. കെ. എം. ജോർജ്ജ് : തസ്തിക പെർമനൻറാണെന്നു വരികിൽ യാതൊരു കാരണവശാലും ഇങ്ങനെയുള്ള തസ്തികകളും കുറവുചെയ്യാതിരിക്കാൻ നടപടികളെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : യഥാർത്ഥത്തിൽ യോഗ്യതയുള്ള അദ്ധ്യാപകരുണ്ടെങ്കിലും അവരെ പിരിച്ചുവിടാൻ ഇടയില്ലാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ചില സ്കൂളുകളിൽ 95 ശതമാനം അംഗീകരിക്കാനുള്ള അധികാരം തങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും പരീക്ഷാ ഉദ്യോഗസ്ഥൻ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ എഴുതിയാൽ കൂടിയും നിയമത്തിന്റെ വിട്ടുവീഴ്ചയില്ലായ്മമൂലം തങ്ങൾ അതിനു നിർബന്ധിതരാണെന്നും അഭിപ്രായമുള്ള നിലയിൽ ഇത്തരം കേസുകളിലെങ്കിലും വിട്ടുവീഴ്ച ചെയ്യാനുള്ള അധികാരം ഏതെങ്കിലും ഉദ്യോഗസ്ഥനു കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ അതു നീക്കുപോക്കില്ലാത്ത ഒന്നുമുണ്ടാതായി തോന്നുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഒരിക്കൽകൂടി ഇൻസ്പെക്ഷൻ നടത്തി ഹാജർ എത്രയാണെന്നു നോക്കണമെന്നാവശ്യപ്പെട്ടാൽ അതു ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : നമ്മുടെനാട്ടിൽ കുട്ടികളുടെ സ്ട്രെംഗ്ത് അനുസരിച്ചാണോ പോസ്റ്റു് ക്രിയേറ്റു ചെയ്യുന്നതു്, അതോ കാളിഫൈഡ് സ്റ്റാഫിനു മാത്രമേ പോസ്റ്റു് അനുവദിയ്ക്കുകയുള്ളു എന്നു വല്ല നിബന്ധനയുമുണ്ടോ?

ശ്രീ. ആർ. ശങ്കർ : 62—63 എന്നു പറയുന്ന വർഷം അതായതു് കഴിഞ്ഞ വർഷംവരെ 45—ൽ കവിയാതെ സ്ട്രെംഗ്ത് വന്നാൽ ബൈഫർക്കേറ്റു ചെയ്യാൻ അനുവദിക്കും. 45 വരെ ഒരു ടീച്ചറെമാത്രം അനുവദിയ്ക്കും. അതായിരുന്നു വ്യവസ്ഥ. എന്നാൽ ഈ നടപ്പുവർഷത്തിൽ പുതുതായിട്ടുണ്ടാവുന്ന ക്ലാസുകളിൽ 51 കുട്ടികളുണ്ടെങ്കിൽ മാത്രമേ രണ്ടു് ഡിവിഷൻ അനുവദിക്കുകയുള്ളു. 50 വരെ ഒരു ഡിവിഷനെ അനുവദിക്കാവൂ എന്നു് റൂൾ ഉണ്ടായിട്ടുണ്ടു്. ഈ റൂളിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ളതു് കഴിഞ്ഞകൊല്ലം നിലവിലിരുന്ന റൂളനുസരിച്ചു് ഫിക്സുചെയ്ത സ്റ്റാഫിൽ കുറവുവരുത്തേണ്ടാന്നാണു്. ഈ ആണ്ടിൽ വരുന്ന ഡിവിഷനിൽമാത്രമേ പുതിയ പരിധി ഉപയോഗിക്കുകയുള്ളു എന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. കഴിഞ്ഞകൊല്ലം ഫിക്സുചെയ്തിരുന്ന സ്റ്റാഫിനെ എടുക്കുന്നതിനു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു് നൽകിയിട്ടുള്ള വ്യാഖ്യാനം കഴിഞ്ഞകൊല്ലം ഫിക്സു് ചെയ്തിരുന്ന കാളിഫൈഡ് സ്റ്റാഫു് ഏന്നാണു്. കാളിഫൈഡല്ലാത്ത ആരെയെങ്കിലും കഴിഞ്ഞകൊല്ലം നിയമിച്ചിരുന്നെങ്കിൽ അതു് ടെമ്പററിയായിട്ടുമാത്രം നിശ്ചയിച്ചതാണെന്നാണു്. അതു് സാധാരണ നിയമവുമാണു്. കഴിഞ്ഞകൊല്ലംവരെയുള്ള ഒരു കാളിഫൈഡ് ടീച്ചറേയും ഇക്കൊല്ലം കുറവുചെയ്യുകയില്ല. കാളിഫൈഡ് അല്ലാത്ത ടീച്ചേഴ്സിനെ കഴിഞ്ഞകൊല്ലം വച്ചിരുന്നുവെങ്കിൽ ഇക്കൊല്ലം പുതിയ സ്ട്രെംഗ്ത് അനുസരിച്ചു് വയ്ക്കാൻ സൗകര്യമില്ലെങ്കിൽ വയ്ക്കാതെവന്നേക്കും.

ശ്രീ. കെ. സി. എബ്രഹാം : മൂന്നുനാലുകൊല്ലം മുമ്പുതന്നെ തുടച്ചയായി സർവ്വീസിലിരുന്ന ഒരദ്ധ്യാപകനെ ഇക്കൊല്ലത്തിന്റെ പകുതിയിൽ കാളിഫൈഡ് അല്ലെന്നു പറഞ്ഞു് പരിച്ചുവിടുന്നതു് ന്യായമാണോ?

ശ്രീ. ആർ. ശങ്കർ : കൊല്ലത്തിന്റെ മദ്ധ്യത്തിലല്ല ഉണ്ടായിട്ടുള്ളതു്. ആദ്യംതന്നെ ഉണ്ടായിട്ടുള്ളതാണു്.

ശ്രീ. പി. സി. രാഘവൻനായർ : 12 കൊല്ലം ഒരു സ്കൂളിൽ ഇരുന്നിട്ടുള്ള ആളെ മറെറാരു സ്കൂളിലേക്കു് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ അവിടെനിന്നും തിരിയെവരുമ്പോഴും അയാൾ വഹിച്ചിരുന്നസ്ഥാനം നഷ്ടപ്പെടാതിരിക്കാനുള്ള നടപടികളെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ : 62—63—ൽ അന്നിരുന്ന നിയമമനുസരിച്ചു് 6 ഡിവിഷൻ അനുവദിക്കാമായിരുന്നു. 5 കാളിഫൈഡ് ടീച്ചറേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് മറെറാരു സ്കൂളിൽനിന്നു് ഒരദ്ധ്യാപകനെ ട്രാൻസ്ഫർ ചെയ്യിക്കുന്നതിനു് അനുവാദം ചോദിച്ചുകൊടുത്തു. ട്രാൻസ്ഫർ ചെയ്തതു് അക്കൊല്ലത്തിലല്ല. 64-65-ലാണു് ട്രാൻസ്ഫർ ചെയ്തതു്. അപ്പോഴും വേറെ റൂളുവന്നു. ഇന്നുള്ള സ്ട്രെംഗ്ത് നോക്കിയപ്പോഴും അഞ്ചുപേരേയേ വയ്ക്കാൻ സാധിക്കുകയുള്ളു.

ദേശമിത്രം പ്രസ്സിലെ പണിമുടക്കം.

902. [41] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ ; താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ ദേശമിത്രം പ്രസ്സിൽ പണിമുടക്കം തുടങ്ങിയിട്ടു് എത്ര ദിവസമായി ;

(ബി) തൊഴിലാളികളുടെ ഡിമാൻറു് എന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly